"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുസർവ്വീസ് രൂപീകരണം - തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ കൊച്ചി നഗരസഭയിലെ സൂപ്രണ്ട് ശ്രീമതി വി.രശ്മിയെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചുകൊണ്ടുള്ള നഗരകാര്യ ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1891/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 13.10.2020.**

---

പരാമർശം:
1) സ.ഉ.(സാധാ) നം.570/2018/തസ്വഭവ . തീയതി. 27.02.2018.
2) നഗരകാര്യ ഡയറക്ടറുടെ 4/10/2019 ലെ ഇ1/7817/2018 നമ്പർ ഉത്തരവ്.
3) നഗരകാര്യ ഡയറക്ടറുടെ 03/12/2019 ലെ ഇ1/7817/2018 നമ്പർ കത്ത്.
4) സ.ഉ.(കൈ) നം.106/2020/തസ്വഭവ . തീയതി, 17.07.2020.
5) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.08.2020-ലെ എ/04/2020/പി.ഡി-എൽ.എസ്.ജി.ഡി നമ്പർ കത്ത്.

**ഉത്തരവ്**

പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി പരാമർശം (1) പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് 6 മാസത്തേക്ക് പ്രവർത്തിക്രമീകരണവ്യവസ്ഥയിൽ നിയമിച്ചിരുന്ന ശ്രീ.കെ.സി.അശോക് (സൂപ്രണ്ട്) വിടുതൽ ചെയ്തുപോയ ഒഴിവിലേക്ക് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് കൊച്ചി നഗരസഭയിലെ സൂപ്രണ്ട് ശ്രീമതി രശ്മി. വി-യെ 3 മാസത്തേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പരാമർശം (2) പ്രകാരം നിയമിച്ചിരുന്നു. ഇപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ശ്രീമതി രശ്മി വി-യെ നിയമിച്ച ഉത്തരവിന് സാധൂകരണം നൽകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറേറ്റ് രൂപീകരിച്ചതും പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതും സർക്കാരിന്റെ പ്രഖ്യാപിത നയമായ പൊതുസർവ്വീസ് നടപ്പിലാക്കുന്നതിനാണ്. ഈ സാഹചര്യത്തിൽ കൊച്ചി നഗരസഭയിലെ സൂപ്രണ്ട് ശ്രീമതി വി.രശ്മിയെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിയമിച്ചുകൊണ്ടുള്ള നഗരകാര്യ ഡയറക്ടറുടെ പരാമർശം (2) നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നവിൻ കൃഷ്ണൻ ജി.ഐ.**
**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തിക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ